I ഇ.ബി. XII-കേരള നിയമസഭ /V-4

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂൺ 22, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

മാതൃഭൂമി പേരാമ്പ്ര ലേഖകന് നേരെയുണ്ടായ ആക്രമണം

മി. സ്പീക്കർ: മാതൃഭൂമിയുടെ പേരാമ്പ്ര ലേഖകനെ ഒരു വിഭാഗം ആളുകൾ ഭീഷണിപ്പെടുത്തുകയും ഓഫീസിലെ കമ്പ്യൂട്ടർ റൂം നശിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട്, പേരാമ്പ്ര പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള പേരാമ്പ്ര ഹൈസ്ക്കൂൾ റോഡിൽ ആവടുക്ക, ചങ്ങരോത്ത് ശ്രീ. കെ.ടി. ചന്ദ്രൻ എന്ന മാതൃഭൂമി ലേഖകന്റെ

അധീനതയിലുള്ള മാതൃഭൂമി ഓഫീസ് സ്ഥിതി ചെയ്യുന്ന മുറിയുടെ വാതിലിന്റെ ഓടാമ്പൽ വളച്ച് അതിൽക്കൂടി മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തിയതുമൂലം മുറിയിലുണ്ടായിരുന്ന പ്ലാസ്റ്റിക് കസേര ഉരുകി നശിക്കുകയും കമ്പ്യൂട്ടറിന്റെ സി.പി.യു. വിന്റെ പ്ലാസ്റ്റിക് കവർ ഉരുകുകയും ഏകദേശം 10,000 രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തു. ശ്രീ. ചന്ദ്രന്റെ പരാതി പ്രകാരം പേരാമ്പ്ര പോലീസ് കേസ് രജിസ്റ്റർ ചെയ്തു. കുറ്റ്യാടി സി.ഐ.യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി അന്വേഷിച്ചുവരുകയാണ്. പ്രതികളെ എത്രയും പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് പേലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആവശ്യമായ എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യഥാർത്ഥത്തിൽ അവിടെ ഉണ്ടായതും മന്ത്രിയുടെ മറുപടിയും തമ്മിൽ ഒരു ബന്ധവുമില്ല. താഴത്തെ നിലയിലെ പൂട്ട് പൊളിച്ച് മുകളിൽ കയറി അവിടെ മണ്ണെണ്ണയൊഴിച്ച് കത്തിച്ച സംഭവം എന്തുകൊണ്ട് ഈ രൂപത്തിൽ പോലീസ് റിപ്പോർട്ട് ചെയ്തു എന്നുള്ളത് മനസ്സിലാകുന്നില്ല. ചക്കിട്ടാംപാറയിൽ നടന്ന ഡി.വൈ.എഫ്.ഐ.യുടെ തെരഞ്ഞെടുപ്പിൽ 'പിണറായി പക്ഷം ഡി.വൈ.എഫ്.ഐ. പിടിച്ചെടുക്കാൻ പോകുന്നു' എന്ന തലക്കെട്ടിൽ ഒരു വാർത്ത അവിടത്തെ കറസ്പോണ്ടന്റ് ശ്രീ. കെ.ടി. ചന്ദ്രന് കിട്ടിയതനുസരിച്ച് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മാതൃഭൂമി ഓഫീസ് തകർക്കുന്നതിനുവേണ്ടി പാർട്ടി തീരുമാനിച്ച് രഹസ്യ സന്ദേശം കൊടുക്കുകയാണുണ്ടായത്. പാർട്ടിക്കെതിരായി വാർത്ത കൊടുത്തു എന്നതിന്റെ അടിസ്ഥാനത്തിൽ ഗൂഢാലോചന നടത്തി ഓഫീസ്

കത്തിക്കാനുള്ള പരിശ്രമം നടന്നു എന്നതാണ് ഇതിലെ പ്രധാനപ്പെട്ട ഭാഗം. ഈ വിവരം പോലീസിനെ അറിയിച്ചിരുന്നു. പട്രോളിംഗിനു വന്ന പോലീസ് ഈ സമയത്ത് മാറിനിന്നുകൊടുക്കുകയാണുണ്ടായത്. പോലീസും കൂടി ഒത്തുചേർന്നാണ് ഗൂഢാലോചന നടത്തിയത്. ഒരു പ്രതിയേയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. വ്യത്യസ്തമായ രാഷ്ട്രീയ സമീപനമുള്ളവരെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. 'മാതൃഭൂമി'യെ ഒറ്റപ്പെടുത്താൻ പരിശ്രമിക്കുന്നതിന്റെ ഭാഗമായാണിത് നടന്നത്. അവിടത്തെ സി.ഐ.യെ സസ്പെന്റ് ചെയ്യുകയും പ്രതികളെ ഉടനെ അറസ്റ്റ് ചെയ്യുകയും വേണം. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: പേരാമ്പ്രയിൽ മാതൃഭൂമിയോട് സി.പി.ഐ (എം) നോ ഡി.വൈ.എഫ്.ഐ.ക്കോ വിരോധമുണ്ടാകാൻ സാധ്യതയില്ല. പേരാമ്പ്രയിലുള്ള കാലപ്പഴക്കംചെന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്താണ് 'മാതൃഭൂമി ഓഫീസ്' എന്നു പറയുന്ന ബോർഡ്. അവിടെയല്ല ഓഫീസ് പ്രവർത്തിക്കുന്നത്. അലങ്കാർ കെട്ടിടത്തിന്റെ ഒരു മുറിയിലാണ് എല്ലാ പത്രത്തിന്റേയും ഓഫീസ് പ്രവർത്തിക്കുന്നത്. പേരാമ്പ്രയിൽ ഒരു പത്രത്തിനും പ്രത്യേക ഓഫീസില്ല.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): മാതൃഭൂമി ആഫീസ് തീവച്ച് നശിപ്പിക്കാൻ നടത്തിയ ശ്രമത്തെ ഈ ഗവൺമെന്റ് അപലപിക്കുകയാണ്. പത്രസ്ഥാപനങ്ങൾക്ക് എല്ലാവിധ സംരക്ഷണവും ഉണ്ടാകും. പത്രപ്രവർത്തകൻമാർക്കും പത്രങ്ങൾക്കും അഭിപ്രായം പ്രകടിപ്പിക്കാനും വാർത്ത കൊടുക്കാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം അംഗീകരിച്ച്

പ്രവർത്തിക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. ഈ സംഭവത്തെ മറച്ചുപിടിക്കാനോ ആരെയെങ്കിലും സംരക്ഷിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. മാതൃഭൂമി വളരെ പാരമ്പര്യമുള്ള, കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവന ചെയ്തിട്ടുള്ള പത്രമാണ്. ഇങ്ങനെ ഒരു സംഭവം അവിടെ നടക്കാൻ പോകുന്നു എന്ന് വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ എ.എസ്.ഐ. യുടെ നേതൃത്വത്തിൽ രാത്രി പട്രോളിംഗ് കഴിഞ്ഞുപോയ സമയം നോക്കി ഇത് ചെയ്തുവെന്നാണ് പോലീസിൽ നിന്ന് കിട്ടിയ റിപ്പോർട്ട്. ഈ പ്രശ്നം വളരെ ഗൗരവമായിട്ടാണ് കാണുന്നത്. ഡ്യൂട്ടിയിലുണ്ടായിരുന്ന എ. എസ്. ഐ. ക്ക് വീഴ്ച സംഭവിക്കുകയും ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെടുകയുമാണെങ്കിൽ അയാളെ സസ്പെന്റ് ചെയ്യുന്നതാണ്. എന്തെല്ലാം പ്രകോപനങ്ങളുണ്ടായാലും പത്രങ്ങൾക്കും പത്രസ്ഥാപനങ്ങൾക്കും നേരെയുള്ള കയ്യേറ്റത്തെ സർക്കാർ ഒരു കാരണവശാലും അനുവദിക്കുകയില്ല. പ്രതികൾ ഏത് വിഭാഗത്തിൽപ്പെട്ടവരായാലും പിടികൂടി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് പോലീസ് സൂപ്രണ്ടിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.എഫ്.തോമസ്, സി.ടി.അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയ

ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരാവുകയും ചെയ്തു).

**ശ്രദ്ധ ക്ഷണിക്കൽ**

(1.) കേര കർഷകർ അനുഭവിക്കുന്ന പ്രതിസന്ധി

ശ്രീ. സി. കെ. പി. പത്മനാഭൻ : സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നതിന് പ്രധാനപ്പെട്ട പങ്ക് വഹിച്ചത് നാളികേര ഉൽപ്പാദനത്തിൽ വന്ന കുറവും നാളികേരത്തിന്റെ വിലയിടിവുമാണ്. 40 ലക്ഷത്തോളം കേര കർഷകർക്കും 16 കോടി തെങ്ങുമുള്ള കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനം 700 കോടിയായിരുന്നത് ഇപ്പോൾ 425 കോടിയായി ചുരുങ്ങി. രണ്ടുലക്ഷത്തോളം കയർ തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ്. പാം ഓയിൽ, സോയാ ബീൻസ്, സൂര്യകാന്തി തുടങ്ങിയ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം കേന്ദ്ര ഗവണ്മെന്റ് ഇളവു ചെയ്തുകൊടുത്തതോടുകൂടി ഉല്പാദനം വർദ്ധിച്ചിട്ടും വെളിച്ചെണ്ണയുടെ വിലയിടിയുകയാണ് ചെയ്തത്. കൊപ്രയ്ക്ക് കേന്ദ്രഗവണ്മെന്റാണ് വില നിശ്ചയിക്കുന്നത്. ഉൽപ്പാദനച്ചെലവിനെ അടിസ്ഥാനപ്പെടുത്തി വില കിട്ടാത്ത ഉൽപ്പന്നമായി നാളികേരം മാറിയിരിക്കുന്നു. കൊപ്ര സംഭരിക്കാൻ മാത്രമാണ് കേന്ദ്രഗവണ്മെന്റ് അനുവാദം കൊടുക്കുന്നത്. പച്ചത്തേങ്ങ സംഭരിക്കുന്നതിന് അനുമതി നൽകാൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറാകണം. നാളികേര വികസനത്തിന് കേന്ദ്രം പ്രഖ്യാപിച്ച 4,600 കോടി രൂപയുടെ പാക്കേജിൽ 2,000 കോടി രൂപ കേരളത്തിലെ കൃഷിക്കാർ കടമെടുക്കണമെന്നും 800 കോടിരൂപ ബാങ്ക് വായ്പ കൊടുക്കണമെന്നുമുള്ള നയം

കേന്ദ്രം തിരുത്തണം. ഭൂരിപക്ഷം കൃഷിക്കാർക്കും പ്രയോജനം കിട്ടത്തക്ക വിധത്തിൽ ഈ പദ്ധതിയിൽ മാറ്റം വരുത്തണം. നാളികേര വികസനത്തിന് ഏകജാലക പദ്ധതി ഉണ്ടാകണം. പച്ചത്തേങ്ങ സംഭരണത്തിന് കിലോയ്ക്ക് 15 രൂപ വില നിശ്ചയിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാം ഓയിലിന്റെ ഇറക്കുമതി തീരുവ 40 ശതമാനമായി വെട്ടിക്കുറച്ചതുവഴി വെളിച്ചെണ്ണയുടെ വില ക്വിന്റലിന് 200 രൂപ കുറഞ്ഞു. പച്ചത്തേങ്ങ സംഭരിക്കണമെന്ന ആവശ്യം കേന്ദ്ര ഗവണ്മെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. സി.ഡി.ബി. വഴി സമർപ്പിച്ച കേന്ദ്ര പദ്ധതിയിൽ കേരളത്തിന് അർഹതപ്പെട്ട 4,000-ത്തോളം കോടി രൂപയിൽ 200 കോടി രൂപ ക്രെഡിറ്റ് ലിങ്ക് വരുന്നത് കേരള കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന നിർദ്ദേശം കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. കേര കർഷകർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള പദ്ധതിയാക്കി ഇതിനെ മാറ്റുന്നതിനും പച്ചത്തേങ്ങയുടെ സംഭരണവില നിശ്ചയിക്കുന്നതിനും, പാം ഓയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന കരാർ വ്യവസ്ഥ അംഗീകരിക്കുന്നതിനും കേരള ഗവണ്മെന്റ് ശ്രമിക്കുന്നതാണ്.

(2) എം.ഡി.ആർ-ലേയ്ക്ക് മാറ്റിയ റോഡുകളുടെ അറ്റകുറ്റപണികൾക്കുള്ള ഫണ്ട്

ശ്രീ. വർക്കല കഹാർ : സംസ്ഥാനത്തെ 60 മുതൽ 70 ശതമാനം വരെ വരുന്ന ഒ.ഡി.ആർ., എം.ഡി.ആർ റോഡുകളുടെ പണി നടത്തരുതെന്ന് ചീഫ് എൻജിനീയർമാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിരിക്കുന്നതിനാൽ

കേരളത്തിലെ ഗ്രാമീണ റോഡുകളുടെ സ്ഥിതി വളരെ ദയനീയമാണ്. ടെന്റർ ചെയ്ത ബഡ്ജറ്റ് വർക്കുകൾപോലും ഏറ്റെടുക്കരുതെന്നാണ് നിർദ്ദേ ശിച്ചിരിക്കുന്നത്. ഈ വർക്കുകൾ ആരാണ് ചെയ്യേണ്ടതെന്നെ കാര്യത്തിലെ ങ്കിലും ഗവണ്മെന്റ് തീരുമാനമെടുക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു കുരുവിള): കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 13,745 കി.മീ. ഒ.ഡി.ആർ, എം.ഡി..ആർ ആയി പ്രഖ്യാപിച്ചെങ്കിലും പഞ്ചായത്ത് രാജ് ആക്ട്, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് എന്നിവയനുസരിച്ച് കാര്യങ്ങൾ നടപ്പിലാക്കിയില്ല. ഏറ്റെടുക്കാൻ ഉത്തരവായ മിക്ക വർക്കുകൾക്കും അന്നത്തെ ക്യാബിനറ്റ് അംഗീകാരം നൽകിയില്ല. റോഡുകൾ ഏറ്റെടുക്കണമെങ്കിൽ മെയിന്റനൻസ് തുകകൂടി പഞ്ചായത്ത് പി.ഡബ്ള്യൂ.ഡി.ക്ക് നൽകണമെന്ന് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ധനകാ ര്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡു കൾ മരാമത്ത് വകുപ്പ് ഏകപക്ഷീയമായി ഏറ്റെടുക്കാൻ പാടില്ലെന്ന പഞ്ചാ യത്ത് വകുപ്പിന്റെ അഭിപ്രായം പരിശോധിച്ച് കാലവർഷം കഴിഞ്ഞാൽ ഉടനെ പണിയാരംഭിക്കത്തവിധത്തിൽ തീരുമാനമെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) കൊച്ചിയിലെ കുടിവെള്ള പദ്ധതികൾ

ശ്രീ. കെ. ബാബു : എറണാകുളം നഗരത്തിലും തൃപ്പൂണിത്തുറയിലും കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഹഡ്കോയുടെ കുടിവെള്ള പദ്ധതി പൂർത്തിയായിക്കഴിഞ്ഞു. എച്ച്.എം.ടി. ജങ്ഷനിൽ ഒരു ഇന്റർ കണക്ഷൻ കൊടുക്കാനും പൈപ്പ്ലൈൻ ജങ്ഷൻ മുതൽ പാലാരിവട്ടം ജങ്ഷൻ വരെ 20 മീറ്റർ ടെസ്റ്റ് ഗ്യാപ്പ് ഫിൽ ചെയ്യാനുമുള്ള പ്രവൃത്തികൾ പൂർത്തിയാക്കി

എറണാകുളം മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം. ടെന്റർ ചെയ്ത് ചൂണ്ടി കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കൊച്ചി നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ആരംഭിച്ച ഹഡ്കോ പദ്ധതിയുടെ അവശേഷിക്കുന്ന പണികൾ മഴ തീർന്നാൽ ഒരു മാസത്തിനകം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കും. ചൂണ്ടി കുടിവെള്ള പദ്ധതിയുടെ 46 എം.എൽ.ഡി. ശുദ്ധീകരണശാലയുടേയും ക്ളിയർ വാട്ടർ മെയിനിന്റെയും നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഏകദേശം 80 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരിങ്ങാച്ചിറ സമ്പ് മുതൽ ഹിൽപാലസ് വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും മറ്റ് അനുബന്ധ ജോലികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. 2008 ഡിസംബറിൽ ഇത് കമ്മീഷൻ ചെയ്യാൻ സാധിക്കും.

(2) മീനച്ചിൽ റിവർവാലി പദ്ധതിയുടെ പണി

ശ്രീ. പി.സി. ജോർജ്: പത്ത് നിയോജക മണ്ഡലങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന മീനച്ചിൽ റിവർവാലി പദ്ധതിയുടെ പണി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്ളാനിംഗ് ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സാങ്കേതിക സാധ്യത,

ജലവിഭവ ലഭ്യത എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് നിയോഗിച്ച വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ ചെയർമാനായ സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചാൽ പണി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : 1997-നുശേഷം വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടില്ല. ഇതിന്റെ പേരിൽ വാട്ടർ അതോറിറ്റിയിലെ മുഴുവൻ ട്രേഡ് യൂണിയൻ സംഘടനകളും സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹം നടത്തിവരികയാണ്. ഇവർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പേ റിവിഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തി ആവശ്യമായ ഭേദഗതികൾ വരുത്തി ധനകാര്യ വകുപ്പിന് അയച്ച് സമയബന്ധിതമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(4) നെടുങ്കുന്നം പഞ്ചായത്തിൽ കൃഷ്ണൻകുട്ടി മരണപ്പെട്ടത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നെടുങ്കുന്നം പഞ്ചായത്തിൽ മാന്തുരുത്തി മനക്കര ചിറക്കൽ വീട്ടിൽ കൃഷ്ണൻകുട്ടി പട്ടിണിമൂലം മരണപ്പെടുകയുണ്ടായി. അയാളുടെ ഭാര്യയും മകളും നേരത്തെതന്നെ മരണപ്പട്ടതാണ്. ബുദ്ധിവികാസമില്ലാത്തതും മറ്റാരും സഹായത്തിനില്ലാത്ത തുമായ അയാളുടെ മകൻ ഇപ്പോൾ അനാഥനായിരിക്കുകയാണ്. ആ കുട്ടിയെ സഹായിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പനിബാധിത

പ്രദേശങ്ങൾക്ക് അനുവദിച്ച സൗജന്യറേഷൻ ഈ കുടുംബത്തിന് ഉൾപ്പെടെ ഇതുവരെ ആ പ്രദേശത്ത് ലഭിച്ചിട്ടില്ല. അത് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോട്ടയം ജില്ലയിൽ കറുകച്ചാൽ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മാന്തുരുത്തി മനക്കര ചിറക്കൽ വീട്ടിൽ കൃഷ്ണൻകുട്ടി സുഖമില്ലാതെ കിടപ്പിലായിരുന്നു. അയാളുടെ ഭാര്യയും മകളും വർഷങ്ങൾക്ക് മുമ്പ് മരണപ്പെടുകയുണ്ടായി. 17 വയസ്സുള്ള മകനാണ് അദ്ദേഹത്തെ പോറ്റിയിരുന്നത്. ഇത് സ്വാഭാവിക മരണമാണ്, പട്ടിണി മൂലമല്ല. നിരാലംബനും ബുദ്ധിമാന്ദ്യവുമുള്ള മകന് സാമ്പത്തിക സഹായം നൽകുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കും. സൗജന്യ റേഷൻ ഈ കുടുംബത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കും. പനിബാധിത പ്രദേശങ്ങളിൽ എവിടെയെങ്കിലും സൗജന്യ റേഷൻ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (5) പൊതുമാപ്പിന് വിധേയരായ വിദേശ മലയാളികളെ നാട്ടിലെത്തിക്കുന്നതിന് സൗകര്യം

ശ്രീ. കെ.ടി. ജലീൽ: ഗൾഫ് രാജ്യങ്ങളിൽ പൊതുമാപ്പ് പ്രഖ്യാപിച്ച വിദേശ മലയാളികളെ ഫ്ളൈറ്റിലോ കപ്പലിലോ നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഗൾഫ് രാജ്യങ്ങളിൽ പൊതുമാപ്പ് പ്രഖ്യാപിച്ചതായി ഔദ്യോഗിക സ്ഥിരീകരണം ലഭിക്കുന്ന മുറയ്ക്ക് ഇവരുടെ യാത്രാ സൗകര്യമുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് അടിയന്തിരമായി കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(6) സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എ.എം. ആരിഫ്: സാങ്കേതിക വിദഗ്ദ്ധരുൾപ്പെടെയുള്ള മലയാള സിനിമാ വ്യവസായ തൊഴിലാളികളുടെ സമരം ഇന്ന് സ്തംഭനത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട വിനോദനികുതി വരുമാനത്തെ സാരമായി ബാധിക്കുമെന്നതിനാൽ  ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

(ശ്രീ. ജോസ് തെറ്റയിലും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി) : മലയാള സിനിമാ രംഗത്ത് പൊതുവിൽ പ്രതിസന്ധി നിലനിൽക്കുമ്പോഴാണ് ചലച്ചിത്ര നിർമ്മാണ അസോസിയേഷനും മാക്ട ഫെഡറേഷനും തമ്മിൽ ഗുരുതരമായ തർക്കം ആരംഭിച്ചത്.  ഇവർതന്നെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതാണ് ഉചിതം.  അതിന് കഴിയാത്ത സാഹചര്യമുണ്ടായാൽ ഗവൺമെന്റ് ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(7) <u>ആദിവാസിയായ ബാബുവും കർത്തയും ജയിലിലായത് സംബന്ധിച്ച്</u>

<u>ശ്രീ. എ.പി. അനിൽ കുമാർ</u> : 14 വർഷംമുമ്പ് പോരാട്ടം പ്രവർത്തകർ ഫാദർ എ.കെ. വർഗ്ഗീസിന്റെ വീട് ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസിലെ പ്രതിയായ ബാബുവിനേയും ഭാര്യയേയും അറസ്റ്റുചെയ്ത് ജയിലില ടച്ചതിന്റെ ഫലമായി അവരുടെ മൂന്നു കുട്ടികൾ അനാഥരായിരിക്കുന്നു. കുട്ടികൾക്ക് വിദ്യാലയത്തിൽ പോകുന്നതിനും ഭക്ഷണം ലഭിക്കുന്നതിനും കഴിയാത്ത സാഹചര്യമാണുള്ളത്. പോലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലമാണ് ഈ സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ആവ ശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> വയനാട് ജില്ലയിലെ കുപ്പാടിയിൽ ഫാദർ എ.കെ. വർഗ്ഗീസിന്റെ മകൻ ബിനുവർഗ്ഗീസിനെ ശ്വാസംമുട്ടിച്ച് അവശനാക്കിയശേഷം കവർച്ച ചെയ്യാൻ ശ്രമിച്ച കേസിൽ കഠിനതടവിന് ശിക്ഷിക്കപ്പെട്ട ബാബു വിന്റെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും ആദിവാ സികൾക്കെതിരായ കേസുകൾ പിൻവലിക്കണമെന്നും പരസ്യമായി മാപ്പുപറ യണമെന്നുമുള്ള സംഘടനയുടെ ആവശ്യം വിസമ്മതിച്ച ഫാദർ വർഗ്ഗീസിന്റെ വീട്ടിൽ 15.6.2007-ന് വീണ്ടും അതിക്രമിച്ചുകയറി ആക്രമണം നടത്തു കയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. സംഭവസ്ഥലത്തെ ത്തിയ പോലീസിനെതിരെ ആദിവാസികൾ പടക്കമെറിയുകയും മാരകായുധ ങ്ങളുപയോഗിച്ച് ആക്രമണം നടത്തുകയും എ.എസ്.ഐ.ക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തു. ശാരദ, മാളു, കർത്ത എന്നീ മൂന്ന് സ്ത്രീക ളുൾപ്പെടെ 9 പേരെ പോലീസ് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കു

കയും  കോടതി അവരെ റിമാൻഡ് ചെയ്യുകയും ചെയ്തു. അവിടെ ആദിവാസികളെ ഉപയോഗിച്ച് നക്സലേറ്റ് തീവ്രവാദികൾ  പ്രവർത്തനം നടത്തുന്നതിൽ നിരപരാധികളായ ആദിവാസികളും ഉൾപ്പെടുന്നുണ്ട്.  ആദിവാസികളെ കേന്ദ്രീകരിച്ച് നക്സലേറ്റുകൾ നടത്തുന്ന തീവ്രവാദ പ്രവർത്തനം ഒരു കാരണവശാലും  അനുവദിക്കാൻ കഴിയില്ല.

(8) ഗോനു ചുഴലിക്കാറ്റിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബത്തിന് ധനസഹായം

ശ്രീ. കെ.വി. അബ്ദുൾഖാദർ: കഴിഞ്ഞ ജൂൺ 5-ന് ഒമാനിലെ  ഗോനു ചുഴലിക്കാറ്റിലും വെള്ളപ്പൊക്കത്തിലുംപെട്ട് മരണമടയുകയും കാണാതാവുകയും  ചെയ്ത മലയാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും കാണാതായ  മലയാളികളെ സംബന്ധിച്ച് ഒമാനിലെ ഇന്ത്യൻ എമ്പസ്സിയുമായി ബന്ധപ്പെട്ട് അടിയന്തിര വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഒമാനിലെ ചുഴലിക്കാറ്റിലും പേമാരിയിലുംപെട്ട്  അവിടുത്തെ എഞ്ചിനീയറിംഗ് കമ്പനിയിലെ ജീവനക്കാരായ 5 മലയാളികൾക്ക് അപകടം സംഭവിച്ചതായി  ഇന്ത്യൻ എമ്പസ്സി സ്ഥിരീകരിച്ചിട്ടുണ്ട്.  മരണമടഞ്ഞ ഒറ്റപ്പാലം സ്വദേശി അനിൽകുമാറിന്റെയും  എറണാകുളം സ്വദേശി മുഹമ്മദാലിയുടെയും മൃതദേഹങ്ങൾ നാട്ടിലേയ്ക്കു കൊണ്ടുവരാൻ പറ്റാത്ത അവസ്ഥയിലായതുകൊണ്ട് ബന്ധുക്കളുടെ സമ്മതം അനുസരിച്ച് അവിടെത്തന്നെ സംസ്ക്കരിച്ചു.  കാണാതായ കോഴിക്കോട് സ്വദേശി  സജിത് കുമാർ,  ഗുരുവായൂർ സ്വദേശി ഉദയൻ, എറണാകുളം സ്വദേശി ബിനു എന്നിവരെക്കുറിച്ചുള്ള കൂടു

തൽ വിവരങ്ങൾക്കുവേണ്ടി ഇന്ത്യൻ എംബസ്സിയുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങൾക്ക് സഹായം നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

(9) <u>ഹെൽമെറ്റ് നിർബന്ധമാക്കിയതുമൂലം ഇരുചക്രവാഹന യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട്</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: കേരള ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. പെട്ടെന്നുണ്ടായ ഉത്തരവായതിനാൽ ഹെൽമെറ്റ് ക്ഷാമവും സൂക്ഷിക്കാനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്ത് യാത്രക്കാർക്ക് പോലീസിന്റെ ഭാഗത്തുനിന്ന് കർശന പരിശോധനയും ശിക്ഷയും ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണം.

(ശ്രീ. തോമസ് ഉണ്ണിയാടനും ഇതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഇരുചക്ര വാഹനയാത്രക്കാർ മോട്ടോർ വാഹന നിയമ പ്രകാരം ഹെൽമെറ്റ് ധരിക്കണമെന്ന 7.8.2003-ലെ ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ യാത്രക്കാരുടെ ജീവൻ സംരക്ഷിക്കുന്നതിനാണ് ഈ നിയമം കർശനമായി നടപ്പാക്കുന്നത്. നിയമം കർശനമായി നടപ്പാക്കാത്തതിന്റെ പേരിൽ ചീഫ് സെക്രട്ടറിക്കും ഡി.ജി.പി.ക്കുമെതിരെ കോടതിയലക്ഷ്യത്തിന് നടപടി സ്വീകരിക്കുമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഇരുചക്ര വാഹന യാത്രക്കാർക്ക് ഹെൽമെറ്റ്

നിർബന്ധമാക്കിയിരിക്കുന്നത്. എന്നാൽ ഗുണനിലവാരമുള്ള ഹെൽമെറ്റ് ആവശ്യത്തിന് ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് യാത്രക്കാരെ പീഡിപ്പിക്കുന്ന നിലയുണ്ടാകാൻ പാടില്ലെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) ട്രാൻസ്ജനിക് ബി.ടി.റൈസ് ഹൈബ്രിഡ്സ് പരീക്ഷണം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: കേരളത്തിന്റെ ജൈവ വൈവിദ്ധ്യത്തേയും പ്രകൃതിയേയും കാർഷികരംഗത്തേയും ദോഷകര മായി ബാധിക്കുന്ന വിധത്തിൽ ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൂവൽ കമ്മിറ്റി യുടെ അജണ്ട പ്രകാരം പാലക്കാട് ജില്ലയിൽ ട്രാൻസ്ജനിക് ബി.ടി.റൈസ് ഹൈബ്രിഡ്സ് പരീക്ഷിക്കുവാൻ മഹികോ എന്ന കമ്പനിക്ക് അനുമതി നൽകിയിരിക്കുകയാണ്. ജനിതക വ്യതിയാനം വരുത്തുന്ന വിത്തുകളുടെ പരീക്ഷണം സംബന്ധിച്ച സുപ്രീംകോടതി വിധിയും ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശയും കണക്കിലെടുത്ത് ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള ജനറ്റിക് എഞ്ചിനീയ റിംഗ് അപ്രൂവൽ കമ്മിറ്റിയുടെ മുന്നിൽ ജനിതക വ്യതിയാനം വരുത്തിയ വിളകൾ വിവിധ സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ കൃഷിചെയ്യാനു ള്ള നിർദ്ദേശം മഹികോ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ജനിതക മാറ്റം വരുത്തിയ വിളകൾ പുതിയ ഫീൽഡിൽ പരീക്ഷണം നടത്തുന്നതിന് അനുവദിക്കാൻ പാടില്ലെന്നുള്ള സുപ്രീംകോടതി ഉത്തരവിന്റേയും പശ്ചിമഘട്ടമേഖലയെ ഇത്തരം പരീക്ഷണങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന ഡോ.സ്വാമിനാഥൻ

കമ്മീഷൻ ശുപാർശയുടേയും സംസ്ഥാന ജൈവ വൈവിധ്യബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ജനിതകവ്യതിയാനം വരുത്തിയ വിളകൾ കൃഷി ചെയ്യുന്നതുസംബന്ധിച്ച കൃത്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ഇത്തരം പരീക്ഷണങ്ങൾ ഒഴിവാക്കേണ്ടതാണ്. ഇത്തരം പരീക്ഷണം നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയിലെ ബയോ സേഫ്റ്റി കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയും പരീക്ഷണം നടത്താനുദ്ദേശിക്കുന്ന പഞ്ചായത്തിന്റെ അനുമതിയും അത്യാവശ്യമാണ്. സംസ്ഥാന കൃഷിവകുപ്പ് മഹികോ എന്ന കമ്പനിക്ക് ഇതുസംബന്ധിച്ച് അനുമതി നൽകിയിട്ടില്ല.

(11) <u>കീഴാവൂർക്കടവ് പാലത്തിന്റെ നിർമ്മാണം</u>

<u>ശ്രീ. ജി. കാർത്തികേയൻ:</u> ആര്യനാട് നിയോജകമണ്ഡലത്തിലെ കീഴാവൂർക്കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണിക്കുവേണ്ടിയുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. റ്റി.യു. കുരുവിള</u>) നബാർഡിന്റെ 11-ാം സ്കീമിൽപ്പെടുത്തിയ കീഴാവൂർ കടവ് പാലത്തിന്റെ പണിക്ക് 15 ശതമാനത്തിനു മുകളിൽ ടെൻഡർ അംഗീകരിച്ചു കൊടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ 30-5-07-ൽ റീ ടെൻഡർ നടത്തി. ഇപ്പോൾ പ്രീ ക്വാളിഫിക്കേഷനിലാണ്. പണികൾ എത്രയും വേഗം നടത്തുന്നതാണ്.

(12) പരവൂർ ഫയർസ്റ്റേഷൻ നിർമ്മാണം

ശ്രീ. എൻ. അനിരുദ്ധൻ: കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളുമുള്ള പരവൂർ മുനിസിപ്പാലിറ്റിയിൽ ഫയർസ്റ്റേഷൻ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) ഏറ്റവും മുൻഗണന കൊടുത്ത് പരവൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

(13) ബാലരാമപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കേണ്ട തിന്റെ ആവശ്യകത .

ശ്രീ. എൻ. ശക്തൻ: തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ സമർപ്പിച്ച ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണ പദ്ധതിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് തുറന്നു പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(14) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പ്രതിസന്ധി

ശ്രീ.. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഭരണസമിതിയെ പുന:സംഘടിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും വേണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് പുതിയ ജനറൽ മാനേജരെ

നിയമിച്ചിട്ടുണ്ട്. ഡയറക്ടർ ബോർഡ് ഉടൻ പുന:സംഘടിപ്പിക്കും. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക സഹായവും നൽകുന്നതാണ്.

(15) <u>ഉപ്പളയിൽ ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:</u> മഞ്ചേശ്വരത്തെ ഉപ്പളയിൽ ഫയർ സ്റ്റേഷൻ അനുവദിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ 26-ാം സ്ഥാനമാണ് ഉപ്പളക്ക് നൽകിയിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(16) <u>പെരുമ്പാവൂരിലേയും പരിസരപ്രദേശങ്ങളിലേയും വോൾട്ടേജ് ക്ഷാമം</u>

<u>ശ്രീ. സാജു പോൾ</u>: പെരുമ്പാവൂരിലേയും പരിസരപ്രദേശങ്ങളിലേയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പെരുമ്പാവൂരിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> പെരുമ്പാവൂരിൽ ഇപ്പോൾ 110 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. ലോഡ് ഫ്ളോ സ്റ്റഡി നടത്തി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(17) <u>കൊട്ടാരക്കര താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റിയും ട്രോമാ കെയർ യൂണിറ്റും അടിയന്തിരമായി സ്ഥാപിക്കുകയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുകയും ചെയ്യണം.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഒരു ട്രോമാകെയർ യൂണിറ്റ് അത്യന്താപേക്ഷിതമാണ്. തീവ്രപരിചരണ വിഭാഗം ആരംഭിക്കുന്നതിനെപ്പറ്റിയും ഗവൺമെന്റ് പരിഗണിക്കുന്നതാണ്. രണ്ട് സിവിൽ സർജന്മാരെ ഉടനെ നിയമിക്കുന്നതാണ്.

(18) കോഴിക്കോട് സർവ്വകലാശാല സെനറ്റ് - സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ്

ശ്രീ. പി.കെ. അബ്ദുറബ്ബ്: കോഴിക്കോട് സർവ്വകലാശാലയിലെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കോഴിക്കോട് സർവ്വകലാശാലയിലെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. കാലവിളംബം കൂടാതെ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(19) അനധികൃത ചെങ്കൽപ്പണകളുടെയും ക്വാറികളുടെയും നിർമ്മാണം

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയുടെ പല ഭാഗങ്ങളിലുള്ള അനധികൃത ചെങ്കൽപ്പണകളിലും കരിങ്കൽ ക്വാറികളിലും വെള്ളം കെട്ടി നിന്നുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : അനധികൃത ചെങ്കൽ പണകളും കരിങ്കൽ ക്വാറികളും നിരോധിച്ചിട്ടുണ്ട്. അപകട ഭീഷണിയുള്ള ക്വാറികൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(20) വഖഫ് ബോർഡിന്റെ പ്രവർത്തനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : തെരഞ്ഞെടുക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി-അർദ്ധ ജുഡീഷ്യൽ അധികാരങ്ങളും വഖഫ് ബോർഡിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): വഖഫ് ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ അന്വേഷണം നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് മൂന്നുമാസം മുൻപ് യോഗം ചേർന്ന് ഇതുവരെ യോഗത്തിൽ പങ്കെടുക്കാത്തവർക്ക് മാപ്പ് കൊടുക്കുകയും ഭാവി യോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഭാവി നടപടികൾ സ്വീകരിക്കുന്നതാണ്.

(21) ഇടുക്കി ആർച്ച് ഡാമിന്റെ സുരക്ഷിതത്വം

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ആർച്ച് ഡാമിന്റെ ഭൗമപാളി ചലനം മനസ്സിലാക്കുന്നതിന് ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ഇടുക്കി ആർച്ച് ഡാമിന്റെ സുരക്ഷ സംബന്ധിച്ച് യാതൊരു ആശങ്കയുമില്ല. ഭൗമപാളികളുടെ ചലനം മനസ്സിലാക്കുന്നതിന് ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

**റിപ്പോർട്ട് പരിഗണന**

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:**

(1) പെൻഷൻകാർക്ക് ആശ്വാസം നൽകുന്ന 2006-ലെ കേരള ബിൽ.

ശ്രീ. എം. മുരളി : പെൻഷൻകാർക്ക് ആശ്വാസം നൽകുന്ന 2006-ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ : പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. മുരളി: 1871-ലെ പെൻഷൻ വ്യവസ്ഥകളാണ് ഇന്നും പിന്തുടരുന്നത്. പെൻഷൻ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണ്. സർവീസ് പെൻഷൻകാരും കുടുംബപെൻഷൻകാരുമുൾപ്പെടെ കേരളത്തിൽ രണ്ടുലക്ഷത്തിഎഴുപത്തിഅയ്യായിരത്തോളം പെൻഷനേഴ്സുണ്ട്. പെൻഷൻ വ്യവസ്ഥകൾ ഏകീകരിക്കാനുള്ള ബാധ്യതയും ഉത്തരവാദിത്തവും

അധികാരവും സർക്കാരിൽ നിക്ഷിപ്തമാണ്. ആ അധികാരം വിനിയോഗിക്കണം. അവരുടെ കാര്യങ്ങൾ നോക്കി നടത്തുന്നതിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണം. വൺ റാങ്ക് വൺ പെൻഷൻ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിച്ചില്ല. പെൻഷൻ ഔദാര്യമല്ലെന്നും മൗലികാവകാശം ആണെന്നുമുള്ള സുപ്രീം കോടതി വിധി മാനിച്ച് വൺ റാങ്ക് വൺ പെൻഷൻ പദ്ധതി ഉൾപ്പെടെയുള്ള ന്യായമായ ആനുകൂല്യങ്ങൾ പെൻഷൻകാർക്ക് അനുവദിക്കണം.

(ചർച്ച തുടരും)

(2) <u>2006-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ</u>

<u>ശ്രീ. എം. മുരളി</u>: 2006-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ):</u> ഹോട്ടൽ തൊഴിലാളികളുൾപ്പെടെയുള്ള വിവിധ മേഖലകളിലെ തൊഴിലാളികൾക്കു വേണ്ടി 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വെൽഫെയർ ഫണ്ട് ആക്ട് പ്രാബല്യത്തിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ഈ ബിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

<u>ശ്രീ. എം. മുരളി:</u> ഹോട്ടൽ തൊഴിലാളികൾകൂടി ഉൾപ്പെട്ട ബിൽ നിയമമായെങ്കിലും അതിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ക്ഷേമനിധി രൂപീകരണം നടന്നിട്ടില്ല. മറ്റ് തൊഴിലുകളിൽ നിന്നും വ്യത്യസ്തമായി ഒരു ദിവസം 19 മുതൽ 21 മണിക്കൂർ വരെയാണ് ഇവർ പണിയെടുക്കുന്നത്.

സംസ്ഥാനത്തൊട്ടാകെയുള്ള ഒരു ലക്ഷത്തോളം വരുന്ന ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലുമായി ഏതാണ്ട് 12 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഷോപ്പ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വെൽഫെയർ ഫണ്ട് ആക്റ്റിന്റെ പരിധിയിൽ ഈ വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്തിയാൽ ഇവർക്കുള്ള പരിരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ക്ഷേമകാര്യങ്ങൾക്കുമായി ഒരു പ്രത്യേക ക്ഷേമനിധി വേണമെന്ന ആവശ്യമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഷോപ്പ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വെൽഫെയർ ഫണ്ട് ആക്ട് പ്രാബല്യത്തിൽ വരികയും ലേബർ സെക്രട്ടറിയെ ചെയർമാനാക്കി താൽക്കാലിക ബോർഡ് രൂപീകരിക്കുകയും ഉദ്യോഗസ്ഥരെ നിയമിക്കുകയും വിവിധ തൊഴിലാളി സംഘടനാ നേതാക്കളും കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ഉടമകളുമായി യോഗങ്ങൾ കൂടുകയും ജില്ലാ ആഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അൺഓർഗനൈസ്ഡ് സെക്ടറിലെ തൊഴിലാളികൾക്കുവേണ്ടി ഒരു കേന്ദ്ര നിയമം കൊണ്ടുവരുന്നതിനായി ആലോചിക്കുന്ന സാഹചര്യത്തിൽ ഇതിനുമാത്രമായി ഒരു ക്ഷേമനിധിയുടെ ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. എം. മുരളി: തുടക്കത്തിൽത്തന്നെ പതിനായിരത്തോളം പേരെ അംഗങ്ങളാക്കത്തക്ക രീതിയിൽ ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി

ആരംഭിക്കണം. ഭാവിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കാൻ സാധിക്കുകയും വേണം. ഷോപ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വെൽഫെയർ ഫണ്ട് ആക്ടിന്റെ പരിധിയിൽ വരുന്ന മറ്റു തൊഴിലാളികളെക്കാൾ മൂന്നിരട്ടി സമയം പണിയെടുക്കുന്ന ഹോട്ടൽ തൊഴിലാളികൾ വ്യത്യസ്ത സ്വഭാവമുള്ള ജോലിയാണ് ചെയ്യുന്നത് എന്നത് കണക്കിലെടുത്ത് ഭാവിയിൽ ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി ഉണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടി വരും.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

### (3) 2006-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്ത ഒരു കാര്യമായതുകൊണ്ട് ഈ ബിൽ അംഗീകരിക്കാനാകില്ല.

ശ്രീ. എം. മുരളി: ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് ഖേദകരമാണ്. വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പെൻഷൻ സ്കീം ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയായി ഇന്നും മുന്നോട്ട് കൊണ്ടുപോകുന്നു. ഭരണഘടനാപരമായ അധികാരം കയ്യാളുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും പെൻഷന് അർഹരാണ്. പഞ്ചായത്ത്രാജ് -നഗരപാലിക നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഇവർ പ്രാദേശിക

ഗവൺമെന്റുകളുടെ ഉത്തരവാദിത്വങ്ങളാണ് നിർവ്വഹിക്കുന്നത്. മുനിസിപ്പൽ കൗൺസിലർമാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ നൽകുന്നതിന് മുനിസിപ്പൽ ചെയർമാൻസ് ചേംബർ തീരുമാനമെടുത്ത സാഹചര്യത്തിൽ ഈ ബിൽ നിരാകരിക്കുന്ന നിലപാട് സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

## (4) 2006-ലെ മലയാള സർവ്വകലാശാല ബിൽ

ശ്രീ.എം. മുരളി: 2006-ലെ മലയാള സർവ്വകലാശാല ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി): കേരളത്തിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതിനു ശേഷം ഭാഷയ്ക്കുവേണ്ടി പുതിയ സർവ്വകലാശാലകൾ ആരംഭിക്കണമെന്ന ആവശ്യം പലപ്പോഴായി ഉയർന്നുവന്നിട്ടുണ്ട്. പ്രാദേശിക ഭാഷയായ മലയാളത്തിനുവേണ്ടി ഒരു സർവ്വകലാശാല എന്ന വിഷയം തള്ളിക്കളയാനാവില്ലായെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ പരിഗണിക്കാൻ സാധ്യമല്ല. ഉചിതമായ സമയത്ത് ഇതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എം. മുരളി: മാതൃഭാഷയായ മലയാളത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി എടുത്ത നിലപാട് ശരിയല്ല. മലയാള ഭാഷയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ശാക്തീകരണത്തിനും വേണ്ടി മലയാള ഭാഷാ സർവ്വകലാശാല സ്ഥാപിക്കേണ്ടതാവശ്യമാണ്. ഈ ബില്ലിന്റെ സാരാംശം ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ചിന്താഗതിക്ക് മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ബില്ലിന്റെ സാരാംശം

ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ചിന്താഗതിക്ക് മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ചർച്ച തുടരും)

## (5) 2006-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ഈ ബില്ലിന്റെ സാരാംശങ്ങൾ പാരാ മെഡിക്കൽ കൗൺസിൽ നിയമത്തിൽ വരത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലായതിനാൽ ഈ ബില്ലിനോട് യോജിക്കാൻ കഴിയില്ല.

ശ്രീ. എം. മുരളി: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അണുകുടുംബങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് രോഗികളും നിരാലംബരുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ചൂഷണമില്ലെന്ന് ഉറപ്പുവരുത്തുന്നതിനും റെഡ്ക്രോസ് പോലുള്ള സന്നദ്ധ സംഘടനകൾ നിയോഗിക്കുന്ന ഹോം നഴ്സുമാരുടെ സേവനം ഒഴിച്ചുകൂടാനാവാത്തതാണ്. അവരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുകയും അവർക്ക് മതിയായ യോഗ്യതയും പരിശീലനവും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. പാരാ മെഡിക്കൽ

കൗൺസിൽ നിയമത്തിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളുന്നുവെങ്കിൽ ഈ ബിൽ പിൻവലിക്കാൻ തയ്യാറാണ്. ആരോഗ്യവകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് അവസരമുണ്ടാക്കണം.

(ചർച്ച തുടരും)

## (6) 2006-ലെ കേരള ഫോട്ടോഗ്രാഫർമാരുടേയും വീഡിയോഗ്രാഫർമാരുടേയും ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള ഫോട്ടോഗ്രാഫർമാരുടേയും വീഡിയോഗ്രാഫർമാരുടേയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ഈ വിഭാഗം തൊഴിലാളികൾ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് നിയമത്തിന്റെ പരിധിയിൽ വരുന്നതായതിനാൽ ഇവർക്കുവേണ്ടി പ്രത്യേകം നിയമനിർമ്മാണം ആവശ്യമില്ല.

ശ്രീ. എം. മുരളി: ഫോട്ടോഗ്രാഫർമാരുടേയും വീഡിയോഗ്രാഫർമാരുടേയും ജോലിയുടെ മഹത്വം കണക്കിലെടുത്ത് സാധാരണ തൊഴിലാളികളുമായി താരതമ്യം ചെയ്യുന്നത് ശരിയല്ല. ഇവർക്ക് പ്രത്യേക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും വേണം.

(ചർച്ച തുടരും)

(7) 2006-ലെ കേരള പര്‍പ്പടക നിര്‍മ്മാണ തൊഴിലാളി ക്ഷേമനിധി ബില്‍

ശ്രീ. എം. മുരളി: 2006-ലെ കേരള പര്‍പ്പടക നിര്‍മ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാര്‍ത്തികേയന്‍: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസന്‍): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിര്‍ക്കുന്നു. പര്‍പ്പടക നിര്‍മ്മാണ തൊഴിലാളികള്‍ക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ഏര്‍പ്പെടുത്തുന്നത് പ്രായോഗികമല്ലാത്തതിനാല്‍ ഈ ബില്‍ സ്വീകാര്യമല്ല.

ശ്രീ. എം. മുരളി: നൂറ്റാണ്ടുകളായി പര്‍പ്പടക നിര്‍മ്മാണം കുലത്തൊഴിലായി സ്വീകരിക്കുകയും ഇപ്പോഴും ഈ തൊഴില്‍ മേഖലയെ ആശ്രയിക്കുന്നവരുമായ വീരശൈവ സമുദായത്തില്‍പ്പെടുന്ന 15 ലക്ഷത്തോളം ആളുകള്‍ സംസ്ഥാനത്തൊട്ടാകെയുണ്ട്. ന്യൂനപക്ഷ സമുദായത്തില്‍പ്പെടുന്ന ഇവര്‍ക്ക് തൊഴിലുറപ്പും ജീവിത സംരക്ഷണവും ഉറപ്പുവരുത്താനാണ് ഈ ബില്ലിലൂടെ കൊണ്ട് ഉദ്ദേശിക്കുന്നത്.

(ചര്‍ച്ച തുടരും)

(8) 2007-ലെ കേരള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാര്‍ക്കുള്ള ക്ഷേമനിധി ബില്‍

ശ്രീ. എം. മുരളി: 2007-ലെ കേരള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാര്‍ക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാര്‍ത്തികേയന്‍: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. അൺ എയ്ഡഡ്/ സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിനെ ഇ.എസ്.ഐ.യിൽ ഉൾപ്പെടുത്താൻ ഇ.എസ്.ഐ. കോർപ്പറേഷനോടും കേന്ദ്ര ഗവൺമെന്റിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേക ക്ഷേമനിധി ആവശ്യമായിവന്നാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പ്രശ്നങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതിന് പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്തുകൊണ്ട് തൊഴിൽവകുപ്പുമായി ആലോചിച്ച് ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ ഈ ബില്ലിനോട് യോജിക്കുന്നില്ല.

ശ്രീ. എം. മുരളി: സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് സേവന-വേതന വ്യവസ്ഥയും പെൻഷനും ജീവിത സുരക്ഷയും സാമൂഹ്യ നീതിയും ഉറപ്പുവരുത്തണം.

(ചർച്ച തുടരും)

## (9) 2006-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ഭേദഗതി ബിൽ

ശ്രീ. ആർ. സെൽവരാജ്: 2006-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ഭേദഗതി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വരികയും ജസ്റ്റിസ് അബ്ദുൾ ഗഫൂർ ചെയർമാനായി കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമത്തിൽ കുറവുകളുണ്ടെങ്കിൽ സഭയ്ക്കുതന്നെ അത് പരിശോധിക്കാനും ഭേദഗതി വരുത്താനും കഴിയും.

ശ്രീ. ആർ. സെൽവരാജ്: കേരളത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് വില ഇടിയുന്നതുമൂലവും ഭൂകമ്പവും വെള്ളപ്പൊക്കവും വരൾച്ചയും നിമിത്തമുള്ള കാർഷിക കെടുതികളാലും കടം തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്ന കർഷകരെ സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ബിൽ. 50,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ തിരിച്ചട യ്ക്കേണ്ടതില്ലെന്നും 1.50 ലക്ഷം വരെയുള്ള കടങ്ങൾക്ക് പലിശ പൂർണ്ണ മായി ഒഴിവാക്കിയും അതിനുമുകളിൽ വരുന്ന സംഖ്യയ്ക്ക് 4 ശതമാന ത്തിൽ കവിയാത്ത നിരക്കിൽ പലിശ നിജപ്പെടുത്തിയും നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം.

(ചർച്ച തുടരും)

(10) <u>2006-ലെ കേരള സംസ്ഥാന നിരാശ്രയ കുടുംബ സംരക്ഷണ ബിൽ</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: 2006-ലെ കേരള സംസ്ഥാന നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. നിരാശ്രയ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യക്ഷേമവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. ആ പദ്ധതി രൂപീകൃതമായാൽ അതിന്റെ പരിധിയിൽ ഈ ബിൽ വരുമെന്ന കാഴ്ചപ്പാടിൽ ഇതിനോട് യോജിക്കുന്നില്ല.

<u>ശ്രീ. ആർ സെൽവരാജ്</u>: സംസ്ഥാനത്തെ നിരാലംബരായ കുടുംബങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. തന്മൂലം മാരക രോഗത്തിന് അടിപ്പെട്ടും കടബാദ്ധ്യതമൂലവും നിസ്സഹായാവസ്ഥയിലായിത്തീർന്ന ആളുകൾക്ക് പരിരക്ഷ നൽകുകയാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30 -ന് പിരിഞ്ഞു.